# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 നവംബർ 9, ബുധൻ

**നമ്പർ 41**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

പരാമോപചാരം :

മുൻ മന്ത്രി വി. പി. രാമകൃഷ്ണപിള്ള, മുൻ നിയമസഭാംഗം കെ. എം. സൂപ്പി എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി; പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ ഏതാനും നിമിഷം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.

അടിയന്തരപ്രമേയം :

സംസ്ഥാനത്ത് റേഷൻ വിതരണത്തിൽ ഉള്ളതായി പറയപ്പെടുന്ന സ്തംഭനാവസ്ഥമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. ടി. ബൽറാമും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, കേരള കോൺഗ്രസ് (ജേക്കബ്) എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

1. ആധുനികവത്കരണത്തിന്റെയും വൈവിധ്യവത്കരണത്തിന്റെയും അഭാവത്തിൽ കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്) നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധിയിലേക്ക് ശ്രീ. ബി. സത്യൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP.58/2017(i).

2. സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണത്തിലും അവരുടെ ചികിത്സാ ചെലവിലുമുള്ള വർദ്ധനമൂലം ഉളവായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷത്തിലേക്ക് ശ്രീ. വി. എസ്. ശിവകുമാർ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ മന്ത്രി ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. പി. കെ. ബഷീർ | ചാലിയാർ പുഴയ്ക്ക് കുറുകെയുള്ള റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം സംബന്ധിച്ച് | ജലവിഭവ വകുപ്പു മന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. കൃഷ്ണൻകുട്ടി | കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ തുക നൽകുന്നത് സംബന്ധിച്ച് | കൃഷി വകുപ്പുമന്ത്രി |
| 3 | ശ്രീ. യു. ആർ. പ്രദീപ് | ചേലക്കരയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് | കൃഷി വകുപ്പുമന്ത്രി |
| 4 | ശ്രീ. പാറക്കൽ അബ്ദുല്ല | കുറ്റ്യാടിയിൽ തരിശായി കിടക്കുന്ന നെൽവയൽ കൃഷിയോഗ്യമാക്കുന്നത് സംബന്ധിച്ച് | കൃഷി വകുപ്പുമന്ത്രി |
| 5 | ശ്രീ. ഒ. ആർ. കേളു | ആദിവാസികളുടെ വായ്പ എഴുതിത്തള്ളിയതിലെ ക്രമക്കേട് സംബന്ധിച്ച് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ.രമേശ് ചെന്നിത്തല | കളമശ്ശേരിയിലെ ഗുണ്ടാ ആക്രമണക്കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. സുരേഷ് കുറുപ്പ് | കുട്ടനാട് പ്രദേശത്ത് പക്ഷിപ്പനിമൂലം നഷ്ടം സംഭവിച്ച താറാവ് കർഷകരുടെ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 8 | ശ്രീ. രാജു എബ്രഹാം | എ. ടി. എം. കൗണ്ടറുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ.എൻ.എ. നെല്ലിക്കുന്ന് | എൻഡോസൾഫാൻ ദുരിതബാധിത രാജീവിയുടെ ആത്മഹത്യ സംബന്ധിച്ച് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ഗുരുവായൂരിലെ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 11 | ശ്രീ. പി. കെ. ശശി | ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി ആന്റ് ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ അച്ചടി മ്യൂസിയം സ്ഥാപിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 12 | ശ്രീ. റോഷി അഗസ്റ്റിൻ | ഇടുക്കി മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 13 | ശ്രീ. ജി. എസ്. ജയലാൽ | പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 14 | ശ്രീ.എ.പി. അനിൽ കുമാർ | മമ്പാട് വില്ലേജിൽ ഭൂമി പിടിച്ചെടുത്ത് വിതരണം ചെയ്തത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 15 | ശ്രീ. ഡി. കെ. മുരളി | സംസ്ഥാന ശിശുക്ഷേമ സമിതിയിലെ നിയമനങ്ങളും ക്രമക്കേടുകളും സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 16 | ശ്രീ. റോജി എം. ജോൺ | അങ്കമാലി താലൂക്കാശുപത്രി യിൽ ട്രോമാകെയർ യൂണിറ്റും മറ്റ് ഭൗതിക സൗകര്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 17 | ശ്രീ. ടി. വി. ഇബ്രാഹിം | കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 18 | ശ്രീ. എസ്. ശർമ്മ | എൽ. ഐ. സി. ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 19 | ശ്രീ. എ. പ്രദീപ്കുമാർ | കോഴിക്കോട്-മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് വികസനം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 20 | ശ്രീ. ഹൈബി ഈഡൻ | എറണാകുളം-പുല്ലേപ്പടി ഓവർ ബ്രിഡ്ജിലെ ടോൾ പിരിവ് ഒഴിവാക്കുന്നത് സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 21 | ശ്രീ. അൻവർ സാദത്ത് | ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയങ്ങൾ സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു:

ജി.ഒ.(പി)നമ്പർ 100/2016/കോ-ഓപ്. തീയതി: 15-10-2016 (എസ്.ആർ.ഒ. നമ്പർ 643/2016)

<u>ചട്ടം 47 (2) പ്രകാരം</u>

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 322, രണ്ടാം സമ്മേളനത്തിലെ 308, 313 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 909-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2355-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

<u>തിരുത്തൽ സ്റ്റേറ്റ്മെന്റ്</u> :

2016-2017 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 133-ൽ പരാമർശിക്കുന്ന 68 പാലങ്ങളിൽ 21-മത്തെ പാലത്തിന്റെ പേര് തെറ്റായി അച്ചടിച്ചു വന്നത് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തുവച്ചു.

<u>സ്പീക്കറുടെ റൂളിംഗ്</u> :

നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾക്ക് യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നില്ലായെന്നുള്ള ശ്രീ. പി. ഉബൈദുള്ളയുടെ ക്രമപ്രശ്നത്തിന് സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി:

"നിയമസഭ പാസ്സാക്കുന്ന നിയമങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ഏൽപ്പിച്ചു കൊടുക്കുന്ന നിയമനിർമ്മാണാധികാരം (Delegated Legislation) വിനിയോഗിച്ചുകൊണ്ട് സർക്കാർ യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കാത്തതുമൂലം ഉളവായിട്ടുള്ള സ്ഥിതി വിശേഷത്തെ സംബന്ധിച്ചുള്ള ഒരു പ്രത്യേക കേസ്സാണ് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ള ഇവിടെ ഉന്നയിച്ചിരിക്കുന്നത്. 22 വർഷങ്ങൾക്ക് മുൻപുണ്ടായ ഒരു നിയമമാണ്. അതുമായി ബന്ധപ്പെട്ട് ഒരു ചട്ടം നിർമ്മിക്കാത്തതാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചത്.

കാര്യക്ഷമമായ ഒരു ഭരണക്രമം നടപ്പാക്കുന്നതിന്റെ ഭാഗമായി ആവശ്യമായി വരുന്ന വ്യത്യസ്തങ്ങളായ നിയമങ്ങളാണ് ഏറെ സങ്കീർണ്ണമായ നടപടിക്രമങ്ങളിലൂടെ നിയമനിർമ്മാണസഭകൾ പാസ്സാക്കുന്നത്. അനിവാര്യമായ സാമൂഹ്യമാറ്റത്തിന് ചാലകശക്തികളായി മാറേണ്ട പ്രസ്തുത നിയമങ്ങൾ സമയബന്ധിതമായും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായും നടപ്പാക്കണമെങ്കിൽ അതിനാവശ്യമായ ചട്ടങ്ങൾകൂടി യഥാസമയം നിർമ്മിക്കപ്പെടേണ്ടതുണ്ട്. സഭ പാസ്സാക്കുന്ന നിയമങ്ങളിലൂടെ തന്നെ സർക്കാരിനെ ഏൽപ്പിക്കപ്പെടുന്ന 'സബോർഡിനേറ്റ് ലെജിസ്ലേഷൻ' എന്ന

കർത്തവ്യം വിസ്മരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്ന ഒരു പ്രവണതയാണ് കാണുന്നത്. ഇത്തരം പ്രവണതമൂലം സദുദ്ദേശത്തോടെ നിർമ്മിക്കപ്പെടുന്ന പല നിയമങ്ങളും അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ കഴിയുന്നില്ല എന്നു മാത്രമല്ല അതുമൂലം ഉളവാകമായിരുന്ന സദ്ഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നതില്ല എന്നതാണ് നിലവിലുള്ള അവസ്ഥ. നിയമസഭ പാസ്സാക്കിയ നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തതു സംബന്ധിച്ച പരാതികൾ ഈ സഭയിൽ ഉയർന്നുവന്നിട്ടുള്ള വേളകളിലൊക്കെത്തന്നെ ചട്ടങ്ങൾ പുറപ്പെടുവിക്കുന്ന കാര്യത്തിൽ പുലർത്തിവന്നിരുന്ന അനവധാനത സംബന്ധിച്ച് ചെയറിൽനിന്നും റൂളിംഗുകളും ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ആശാവഹമായ ഒരു പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ നിയമസഭാ നടപടികൾ പരിഷ്കരിക്കുന്നതിനാവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി 12-ാം കേരള നിയമസഭയുടെ കാലഘട്ടത്തിൽ രൂപീകരിക്കപ്പെട്ട നിയമസഭാ സമിതി മുന്നോട്ടുവച്ച ചില പ്രായോഗിക നിർദ്ദേശങ്ങൾ സഭാനടപടി ചട്ടത്തിന്റെ ഭാഗമായി മാറ്റുകയുണ്ടായി. അതിന്റെ ഭാഗമായി സഭയുടെ നടപടി ചട്ടങ്ങളിലെ ചട്ടം 238-ൽ കൂട്ടിച്ചേർത്ത പുതിയ വ്യവസ്ഥപ്രകാരം നിയമസഭ പാസ്സാക്കുന്ന നിയമങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ചട്ടനിർമ്മാണം സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ചട്ടങ്ങൾ 90 ദിവസങ്ങൾക്കകം തയ്യാറാക്കേണ്ടതും കരട് രൂപത്തിൽ അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾക്ക് പരിശോധനയ്ക്കായി നൽകേണ്ടതുണ്ട്. അതോടൊപ്പം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ 3 മാസത്തിനകം തന്നെ പ്രസ്തുത കരട് ചട്ടങ്ങൾ പരിശോധിക്കേണ്ടതുമാണ്.

ഇപ്രകാരം സുവ്യക്തവും സുദൃഢമായതും പഴുതുകളില്ലാത്തതുമായ നിയമവ്യവസ്ഥ ഉണ്ടായിട്ടും സഭ പാസ്സാക്കുന്ന പുതിയ നിയമങ്ങൾക്കനുസൃതമായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണമോ നിലവിലുള്ള ചട്ടങ്ങളുടെ ഭേദഗതികളോ ഉദ്ദേശിച്ചത്ര കാര്യക്ഷമമായി നടക്കാത്ത സാഹചര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് ഇപ്പോൾ പുതിയൊരു നടപടിക്രമംകൂടി നടപ്പാക്കി വരുന്നുണ്ട്. അതിൻപ്രകാരം നിയമസഭ, നിയമനിർമ്മാണം നടത്തി അത് ഗസറ്റിൽ വിജ്ഞാപനം ചെയ്തുകഴിഞ്ഞാലുടനെ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി സെക്ഷൻ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ഏതെങ്കിലും തരത്തിലുള്ള ചട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ച വ്യവസ്ഥ പ്രസ്തുത നിയമത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതനുസരിച്ചുള്ള കരട് ചട്ടം തയ്യാറാക്കി മൂന്നു മാസത്തിനകം അതത് സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കായി ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് വകുപ്പിനെ അറിയിക്കുകയും തുടർന്ന് ഓർമ്മപ്പെടുത്തലുകൾ നടത്തുകയും ചെയ്തു കൊണ്ടിരിക്കുകയുമാണ്. ഇവിടെ നിന്ന് അങ്ങോട്ട് ഇടപെട്ടു കൊണ്ടേയിരിക്കുകയാണ്. ഇത്തരത്തിൽ നിരന്തരമായ ഇടപെടലുകൾ

നടത്തിക്കൊണ്ട് നിയമസഭ വേണ്ടത്ര ജാഗ്രത പുലർത്തുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ ആശാവഹമായ ഒരു പുരോഗതി ഉണ്ടായിട്ടുള്ളതായി കാണാൻ കഴിയുന്നില്ല. മുൻകാലങ്ങളിൽ നിർമ്മിക്കപ്പെട്ട നിയമങ്ങളുടെയും സമീപകാലങ്ങളിൽ നിർമ്മിക്കപ്പെട്ട നിയമങ്ങളുടെയും അടിസ്ഥാനത്തിൽ പുറപ്പെടുവിക്കേണ്ടതായ ചട്ടങ്ങൾ തയ്യാറാക്കി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിജ്ഞാപനം നടത്താൻ ഇനിയും പൂർണ്ണതോതിൽ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ഏറെ ഗൗരവപൂർവം തന്നെ വീക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിയമസഭയുടേതായ ഒരു പരിശോധന (Legislative Scrutiny) നടത്താൻ ചെയർ തീരുമാനിച്ചിരിക്കുന്ന കാര്യംകൂടി ഇത്തരുണത്തിൽ അറിയിക്കുകയാണ്.

ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 175 (1) പ്രകാരം നിർമ്മിക്കപ്പെടേണ്ട ചട്ടത്തെ സംബന്ധിച്ചാണ്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ വിശദീകരണവും ഉന്നയിക്കപ്പെട്ട ക്രമപ്രശ്നത്തിലെ ഉള്ളടക്കവും ചെയർ വിശദമായി പരിഗണിക്കുകയുണ്ടായി. ഓരോ പഞ്ചായത്തിന്റേയും വരും വർഷത്തേക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കേണ്ട രീതി സംബന്ധിച്ചുള്ള ചട്ടങ്ങളാണ് സെക്ഷൻ 175 (1) പ്രകാരം പുറപ്പെടുവിക്കേണ്ടിയിരുന്നത്. വികസന പദ്ധതികൾ തയ്യാറാക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾ തമ്മിൽ ഒരു ഐക്യരൂപം ഉണ്ടാക്കുന്നതിനും തികഞ്ഞ യാഥാർത്ഥ്യബോധത്തോടെയുള്ള വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും അപ്രകാരമുള്ള ചട്ടങ്ങൾ കൂടുതൽ കരുത്തേകു മെന്നുള്ളതാണ് വസ്തുത.

എന്നാൽ സംസ്ഥാനത്ത് പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നിട്ട് നീണ്ട 22 വർഷങ്ങൾ കഴിഞ്ഞിട്ടും വളരെ അടിസ്ഥാനപരമായ കാര്യങ്ങളിലുള്ള ചട്ടങ്ങൾ പോലും നിർമ്മിക്കപ്പെടുന്ന കാര്യത്തിൽ മതിയായ പരിഗണന ലഭിച്ചില്ല എന്നത് അങ്ങേയറ്റം ഖേദകരമായ ഒരു വസ്തുതയാണ്. ഇക്കാര്യം ഒരു ക്രമപ്രശ്നത്തിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയ ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ളയെ ചെയർ അനുമോദിക്കുന്നു. അടിസ്ഥാന കാര്യങ്ങളിൻമേലുള്ള ചട്ടനിർമ്മാണ കാര്യത്തിൽ അനുഭവപ്പെട്ടുവരുന്ന കാലതാമസം ഒഴിവാക്കാൻ കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നൽകേണ്ടതാണെന്നും എല്ലാ സർക്കാർ വകുപ്പുകളിലും ഇതുസംബന്ധിച്ച ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്നും വീഴ്ചകൾ കണ്ടെത്തുന്ന കേസ്സുകളിൽ കർശന നടപടികൾ സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു. ഇത്തരം അടിസ്ഥാനപരമായ വിഷയങ്ങളിൽ ചെയറിൽ നിന്നും ഉണ്ടാകുന്ന റൂളിംഗുകൾ അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊള്ളുവാൻ ബന്ധപ്പെട്ടവർ പ്രത്യേക നിഷ്കർഷ പാലിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു."

നിയമനിർമ്മാണ കാര്യം :

1. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ.എ.കെ.ബാലൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി പ്രൊഫ.ആബിദ് ഹുസൈൻ തങ്ങളും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി വീണാ ജോർജ്ജ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി. പി. അയിഷാ പോറ്റിയും അവതരിപ്പിച്ച് സംസാരിച്ചു. മന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനു ശേഷം ബിൽ പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു:

നാലാം വകുപ്പ്

In the proviso to Section 15 (IA) proposed to be substituted in the principal Act by Clause 4 (b), delete the words " retirement benefits. "

In the Section 15 (IE) proposed to be inserted in the Principal Act by Clause 4 (c), after the existing proviso the following shall be added:

"Provided further that an Advocate who has been admitted to the Fund under sub-section (IE) shall be eligible to claim only up to ten years of his previous actual practice. "

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരമൂല്യവും (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. മോൻസ് ജോസഫ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എം. ഉമ്മറും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ബി. സത്യനും അവതരിപ്പിച്ച് സംസാരിച്ചു. മന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം ബിൽ പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ പാസ്സാക്കുകയും ചെയ്തു:

രണ്ടാം വകുപ്പ്

In Section 76 (3) of the principal Act proposed to be substituted by Clause 2, for the words "per cent " substitute the word "per cent ."

<u>ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന</u> :

500 രൂപയുടെയും 1,000 രൂപയുടെയും കറൻസികൾ 8-12-2016 അർദ്ധരാത്രി മുതൽ കേന്ദ്ര സർക്കാർ അസാധുവാക്കിയത് സംബന്ധിച്ച് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ.ടി.എം.തോമസ് ഐസക് ചട്ടം 300 അനുസരിച്ചുള്ള ഒരു പ്രസ്താവന ചെയ്തു.

<u>അവകാശ ലംഘന പ്രശ്നം</u> :

I. താഴെപ്പറയുന്ന അവകാശ ലംഘന നോട്ടീസുകൾക്ക് സ്പീക്കർ അനുമതി നിഷേധിച്ചു:

(1) മുഖ്യമന്ത്രിയുടെ നിയമോപദേഷ്ടാവ് തട്ടിപ്പ്/ക്രിമിനൽ കേസുകളിൽ ഹാജരാകുന്നതു സംബന്ധിച്ച് മുഖ്യമന്ത്രി സഭയിൽ നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതായിരുന്നു എന്നാരോപിച്ച് സർവ്വശ്രീ പി. ടി. തോമസ്, ഒ. രാജഗോപാൽ എന്നിവർ നൽകിയ നോട്ടീസുകൾ.

(2) കുട്ടിമാക്കൂലിലെ അഖില, അഞ്ജന എന്നീ പെൺകുട്ടികളുടെ അറസ്റ്റുമായി ബന്ധപ്പെട്ട് നടത്തിയ വിശദീകരണത്തിൽ സത്യവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് സഭയെ ബോധപൂർവ്വം മുഖ്യമന്ത്രി തെറ്റിദ്ധരിപ്പിക്കുകയായിരുന്നു എന്നാരോപിച്ച് ശ്രീ. കെ. സി. ജോസഫ് നൽകിയ നോട്ടീസ്.

II. താഴെപ്പറയുന്ന അവകാശ ലംഘന നോട്ടീസ് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്ക് അയച്ചു:

താനൂർ തീരപ്രദേശത്തെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ.യെ അറിയിക്കാതെ സമാധാനയോഗം വിളിച്ചു ചേർത്തത് സംബന്ധിച്ച് അന്വേഷിച്ചപ്പോൾ മലപ്പുറം ജില്ലാ കളക്ടർ അപമര്യാദയായി പെരുമാറിയതു സംബന്ധിച്ച് ശ്രീ. വി. അബ്ദുറഹിമാൻ നൽകിയ നോട്ടീസ്.

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു.

ഉച്ചയ്ക്കുശേഷം 2.32-ന് സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

## Second Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, November 9, 2016*

**No. 41**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions* :

Four questions in the list of questions posted for the day were answered orally.

*Obituary Reference* :

The Speaker made references on the demise of former Minister V. P. Ramakrishna Pillai, and former Member K. M. Soopy. As a mark of respect to the deceased the Members stood in silence for a while.

*Adjournment Motion* :

After hearing the Minister for Food and Civil Supplies, the Speaker withheld consent to the moving of an adjournment motion given notice of by Shri V. T. Balram and two other Members regarding the serious situation reported to have arisen consequent on the reported stoppage of ration distribution in the State. As a mark of protest against the attitude of the Government the Members belonging to Indian National Congress, Indian Union Muslim League and Kerala Congress (Jacob) staged walk-out.

*Calling Attention* :

1. Shri B. Satyan called the attention of the Minister for Education to the crisis reportedly being faced by the Kerala State Centre for Advanced Printing and Technology (C-apt) for want of its modernisation and diversification. The Minister made a statement thereto.

KNPP. 58/2017(ii).

2. Shri V. S. Sivakumar called the attention of the Minister for Health and Social Justice to the serious situation that had arisen consequent on the increase in the number of cancer patients as well as cost of their treatment in the State. The Minister for Education, as authorised by the Minister for Health and Social Justice made a statement thereto.

*The Matters raised under Rule 304* :

The matters raised by Members in the House under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. പി. കെ. ബഷീർ | ചാലിയാർ പുഴയ്ക്ക് കുറുകെയുള്ള റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം സംബന്ധിച്ച് | ജലവിഭവ വകുപ്പ് മന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. കൃഷ്ണൻകുട്ടി | കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ തുക നൽകുന്നത് സംബന്ധിച്ച് | കൃഷി വകുപ്പുമന്ത്രി |
| 3 | ശ്രീ. യു. ആർ. പ്രദീപ് | ചേലക്കരയിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നത് സംബന്ധിച്ച് | കൃഷി വകുപ്പുമന്ത്രി |
| 4 | ശ്രീ. പാറക്കൽ അബ്ദുല്ല | കുറ്റ്യാടിയിൽ തരിശായിക്കിടക്കുന്ന നെൽവയൽ കൃഷിയോഗ്യമാക്കുന്നത് സംബന്ധിച്ച് | കൃഷി വകുപ്പുമന്ത്രി |
| 5 | ശ്രീ. ഒ. ആർ. കേളു | ആദിവാസികളുടെ വായ്പ എഴുതി തള്ളിയതിലെ ക്രമക്കേട് സംബന്ധിച്ച് | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. രമേശ് ചെന്നിത്തല | കളമശ്ശേരിയിലെ ഗുണ്ടാ ആക്രമണക്കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. സുരേഷ് കുറുപ്പ് | കുട്ടനാട് പ്രദേശത്ത് പക്ഷിപ്പനി മൂലം നഷ്ടം സംഭവിച്ച താറാവ് കർഷകരുടെ വായ്പ എഴുതി തള്ളുന്നത് സംബന്ധിച്ച് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 8 | ശ്രീ. രാജു എബ്രഹാം | എ. ടി. എം. കൗണ്ടറുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | എൻഡോസൾഫാൻ ദുരിത ബാധിത രാജീവിയുടെ ആത്മഹത്യ സംബന്ധിച്ച് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | ശ്രീ. കെ.വി.അബ്ദുൾ ഖാദർ | ഗുരുവായൂരിലെ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 11 | ശ്രീ. പി. കെ. ശശി | ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി ആന്റ് ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ അച്ചടി മ്യൂസിയം സ്ഥാപിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 12 | ശ്രീ. റോഷി അഗസ്റ്റിൻ | ഇടുക്കി മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 13 | ശ്രീ. ജി. എസ്. ജയലാൽ | പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 14 | ശ്രീ. എ. പി. അനിൽ കുമാർ | മമ്പാട് വില്ലേജിൽ ഭൂമി പിടിച്ചെടുത്ത് വിതരണം ചെയ്യുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 15 | ശ്രീ. ഡി. കെ. മുരളി | സംസ്ഥാന ശിശുക്ഷേമ സമിതിയിലെ നിയമനങ്ങളും ക്രമക്കേടുകളും സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 16 | ശ്രീ. റോജി എം. ജോൺ | അങ്കമാലി താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റും മറ്റ് ഭൗതിക സൗകര്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 17 | ശ്രീ. ടി. വി. ഇബ്രാഹിം | കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 18 | ശ്രീ. എസ്. ശർമ്മ | എൽ. ഐ. സി. ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 19 | ശ്രീ. എ. പ്രദീപ്കുമാർ | കോഴിക്കോട് -മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് വികസനം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 20 | ശ്രീ. ഹൈബി ഈഡൻ | എറണാകുളം-പുല്ലേപ്പടി ഓവർ ബ്രിഡ്ജിലെ ടോൾ പിരിവ് ഒഴിവാക്കുന്നത് സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 21 | ശ്രീ. അൻവർ സാദത്ത് | ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers made statements thereto.

*Papers laid on the Table* :

The following papers were laid on the Table:

ജി.ഒ.(പി)നമ്പർ. 100/2016/കോ-ഓപ്. തീയതി: 15-10-2016 (എസ്.ആർ.ഒ. നമ്പർ 643/2016).

*As per Rule 47(2)*

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 322, രണ്ടാം സമ്മേളനത്തിലെ 308, 313 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 909-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2355-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

*Correction Statement* :

The Minister for Finance and Coir laid on the table, a correction statement regarding the incorrectly printed name of the 21st bridge among the 68 bridges mentioned in the revised Budget for the financial year 2016 -17.

*Ruling by the Speaker* :

The Speaker gave the following ruling on a point of order raised by Shri P. Ubaidulla that the rules against the Acts passed by Legislature were not framed and notified in time.

"നിയമസഭ പാസ്സാക്കുന്ന നിയമങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ഏൽപ്പിച്ചു കൊടുക്കുന്ന നിയമനിർമ്മാണാധികാരം (Delegated Legislation) വിനിയോഗിച്ചുകൊണ്ട് സർക്കാർ യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കാത്തതുമൂലം ഉളവായിട്ടുള്ള സ്ഥിതി വിശേഷത്തെ സംബന്ധിച്ചുള്ള ഒരു പ്രത്യേക കേസ്സാണ് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ള ഇവിടെ ഉന്നയിച്ചിരിക്കുന്നത്. 22 വർഷങ്ങൾക്ക് മുൻപുണ്ടായ ഒരു നിയമമാണ്. അതുമായി ബന്ധപ്പെട്ട് ഒരു ചട്ടം നിർമ്മിക്കാത്തതാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചത്.

കാര്യക്ഷമമായ ഒരു ഭരണക്രമം നടപ്പാക്കുന്നതിന്റെ ഭാഗമായി ആവശ്യമായി വരുന്ന വ്യത്യസ്തങ്ങളായ നിയമങ്ങളാണ് ഏറെ സങ്കീർണ്ണമായ നടപടിക്രമങ്ങളിലൂടെ നിയമനിർമ്മാണസഭകൾ പാസ്സാക്കുന്നത്. അനിവാര്യമായ സാമൂഹ്യമാറ്റത്തിന് ചാലകശക്തികളായി മാറേണ്ട പ്രസ്തുത നിയമങ്ങൾ സമയബന്ധിതമായും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായും നടപ്പാക്കണമെങ്കിൽ അതിനാവശ്യമായ ചട്ടങ്ങൾകൂടി യഥാസമയം നിർമ്മിക്കപ്പെടേണ്ടതുണ്ട്. സഭ പാസ്സാക്കുന്ന നിയമങ്ങളിലൂടെ തന്നെ സർക്കാരിനെ ഏൽപ്പിക്കപ്പെടുന്ന 'സബോർഡിനേറ്റ് ലെജിസ്ലേഷൻ' എന്ന കർത്തവ്യം വിസ്മരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്ന ഒരു പ്രവണതയാണ് കാണുന്നത്. ഇത്തരം പ്രവണതമൂലം സദുദ്ദേശത്തോടെ നിർമ്മിക്കപ്പെടുന്ന പല നിയമങ്ങളും അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ കഴിയുന്നില്ല എന്നു മാത്രമല്ല അതുമൂലം ഉളവാകുമായിരുന്ന സദ്ഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നതുമില്ല എന്നതാണ് നിലവിലുള്ള അവസ്ഥ. നിയമസഭ പാസ്സാക്കിയ നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തതു സംബന്ധിച്ച പരാതികൾ ഈ സഭയിൽ ഉയർന്നുവന്നിട്ടുള്ള വേളകളിലൊക്കെത്തന്നെ ചട്ടങ്ങൾ പുറപ്പെടുവിക്കുന്ന കാര്യത്തിൽ പുലർത്തിവന്നിരുന്ന അനവധാനത സംബന്ധിച്ച് ചെയറിൽ നിന്നും റൂളിംഗുകളും ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ആശാവഹമായ ഒരു പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ നിയമസഭാ നടപടികൾ പരിഷ്കരിക്കുന്നതിനാവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി 12-ാം കേരള നിയമസഭയുടെ കാലഘട്ടത്തിൽ രൂപീകരിക്കപ്പെട്ട നിയമസഭാ സമിതി മുന്നോട്ടു വച്ച ചില പ്രായോഗിക നിർദ്ദേശങ്ങൾ സഭാനടപടി ചട്ടത്തിന്റെ ഭാഗമായി മാറ്റുകയുണ്ടായി. അതിന്റെ ഭാഗമായി സഭയുടെ നടപടി ചട്ടങ്ങളിലെ ചട്ടം 238-ൽ കൂട്ടിച്ചേർത്ത പുതിയ വ്യവസ്ഥപ്രകാരം നിയമസഭ പാസ്സാക്കുന്ന നിയമങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ചട്ടനിർമ്മാണം സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ചട്ടങ്ങൾ 90 ദിവസങ്ങൾക്കകം തയ്യാറാക്കേണ്ടതും കരട് രൂപത്തിൽ അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾക്ക് പരിശോധനയ്ക്കായി നൽകേണ്ടതുണ്ട്. അതോടൊപ്പം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ 3 മാസത്തിനകം തന്നെ പ്രസ്തുത കരട് ചട്ടങ്ങൾ പരിശോധിക്കേണ്ടതുമാണ്.

ഇപ്രകാരം സുവ്യക്തവും സുദൃഢമായതും പഴുതുകളില്ലാത്തതുമായ നിയമവ്യവസ്ഥ ഉണ്ടായിട്ടും സഭ പാസ്സാക്കുന്ന പുതിയ നിയമങ്ങൾക്കനുസൃതമായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണമോ നിലവിലുള്ള ചട്ടങ്ങളുടെ ഭേദഗതികളോ ഉദ്ദേശിച്ചത്ര കാര്യക്ഷമമായി നടക്കാത്ത സാഹചര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് ഇപ്പോൾ പുതിയൊരു നടപടിക്രമം കൂടി നടപ്പാക്കി വരുന്നുണ്ട്. അതിൻപ്രകാരം നിയമസഭ, നിയമനിർമ്മാണം നടത്തി അത് ഗസറ്റിൽ വിജ്ഞാപനം ചെയ്തുകഴിഞ്ഞാലുടനെ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി സെക്ഷൻ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ഏതെങ്കിലും തരത്തിലുള്ള ചട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ച വ്യവസ്ഥ പ്രസ്തുത നിയമത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതനുസരിച്ചുള്ള കരട് ചട്ടം തയ്യാറാക്കി മൂന്നു മാസത്തിനകം അതത് സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കായി

ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് വകുപ്പിനെ അറിയിക്കുകയും തുടർന്ന് ഓർമ്മപ്പെടുത്തലുകൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഇവിടെ നിന്ന് അങ്ങോട്ട് ഇടപെട്ടു കൊണ്ടേയിരിക്കുകയാണ്. ഇത്തരത്തിൽ നിരന്തരമായ ഇടപെടലുകൾ നടത്തിക്കൊണ്ട് നിയമസഭ വേണ്ടത്ര ജാഗ്രത പുലർത്തുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ ആശാവഹമായ ഒരു പുരോഗതി ഉണ്ടായിട്ടുള്ളതായി കാണാൻ കഴിയുന്നില്ല. മുൻകാലങ്ങളിൽ നിർമ്മിക്കപ്പെട്ട നിയമങ്ങളുടെയും സമീപകാലങ്ങളിൽ നിർമ്മിക്കപ്പെട്ട നിയമങ്ങളുടെയും അടിസ്ഥാനത്തിൽ പുറപ്പെടുവിക്കേണ്ടതായ ചട്ടങ്ങൾ തയ്യാറാക്കി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിജ്ഞാപനം നടത്താൻ ഇനിയും പൂർണ്ണതോതിൽ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ഏറെ ഗൗരവപൂർവം തന്നെ വീക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിയമസഭയുടേതായ ഒരു പരിശോധന (Legislative Scrutiny) നടത്താൻ ചെയർ തീരുമാനിച്ചിരിക്കുന്ന കാര്യം കൂടി ഇത്തരുണത്തിൽ അറിയിക്കുകയാണ്.

ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 175 (1) പ്രകാരം നിർമ്മിക്കപ്പെടേണ്ട ചട്ടത്തെ സംബന്ധിച്ചാണ്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ വിശദീകരണവും ഉന്നയിക്കപ്പെട്ട ക്രമപ്രശ്നത്തിലെ ഉള്ളടക്കവും ചെയർ വിശദമായി പരിഗണിക്കുകയുണ്ടായി. ഓരോ പഞ്ചായത്തിന്റേയും വരും വർഷത്തേക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കേണ്ട രീതി സംബന്ധിച്ചുള്ള ചട്ടങ്ങളാണ് സെക്ഷൻ 175(1) പ്രകാരം പുറപ്പെടുവിക്കേണ്ടിയിരുന്നത്. വികസന പദ്ധതികൾ തയ്യാറാക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾ തമ്മിൽ ഒരു ഐക്യരൂപം ഉണ്ടാക്കുന്നതിനും തികഞ്ഞ യാഥാർത്ഥ്യബോധത്തോടെയുള്ള വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും അപ്രകാരമുള്ള ചട്ടങ്ങൾ കൂടുതൽ കരുത്തേകുമെന്നുള്ളതാണ് വസ്തുത.

എന്നാൽ സംസ്ഥാനത്ത് പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നിട്ട് നീണ്ട 22 വർഷങ്ങൾ കഴിഞ്ഞിട്ടും വളരെ അടിസ്ഥാനപരമായ കാര്യങ്ങളിലുള്ള ചട്ടങ്ങൾ പോലും നിർമ്മിക്കപ്പെടുന്ന കാര്യത്തിൽ മതിയായ പരിഗണന ലഭിച്ചില്ല എന്നത് അങ്ങേയറ്റം ഖേദകരമായ ഒരു വസ്തുതയാണ്. ഇക്കാര്യം ഒരു ക്രമപ്രശ്നത്തിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയ ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ളയെ ചെയർ അനുമോദിക്കുന്നു. അടിസ്ഥാന കാര്യങ്ങളിൻമേലുള്ള ചട്ടനിർമ്മാണ കാര്യത്തിൽ അനുഭവപ്പെട്ടുവരുന്ന കാലതാമസം ഒഴിവാക്കാൻ കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നൽകേണ്ടതാണെന്നും എല്ലാ സർക്കാർ വകുപ്പുകളിലും ഇതുസംബന്ധിച്ച ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്നും വീഴ്ചകൾ കണ്ടെത്തുന്ന കേസ്സുകളിൽ കർശന നടപടികൾ സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു. ഇത്തരം അടിസ്ഥാനപരമായ വിഷയങ്ങളിൽ ചെയറിൽ നിന്നും ഉണ്ടാകുന്ന റൂളിംഗുകൾ അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊള്ളുവാൻ ബന്ധപ്പെട്ടവർ പ്രത്യേക നിഷ്കർഷ പാലിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു."

*Legislative Business* :

1. Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs moved that the Kerala Advocates, Welfare Fund (Amendment) Bill, 2016 as reported by the Subject Committee be taken up for consideration and spoke. Prof. Abid Hussain Thangal moved an amendment to circulate the Bill for eliciting public opinion and Smt. P. Aisha Potti as authorised by Smt. Veena George moved another amendment to recommit the Bill to the same Subject Committee. After discussion and reply by the Minister the amendments moved were withdrawn by the leave of the House. Then the Bill was taken into consideration and passed by the House with the following amendments:

<u>നാലാം വകുപ്പ്</u>

In the proviso to Section 15 (1A) proposed to be substituted in the principal Act by Clause 4 (b), delete the words " retirement benefits. "

In the Section 15 (1E) proposed to be inserted in the Principal Act by Clause 4 (c), after the existing proviso the following shall be added.

"Provided further that an Advocate who has been admitted to the Fund under sub-section (1E) shall be eligible to claim only up to ten years of his previous actual practice. "

2. Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs moved that the Kerala Court Fees and Suits Valuation (Amendment) Bill, 2016 as reported by the Subject Committee be taken up for consideration and spoke. Shri M. Ummer, as authorised by Shri Mons Joseph, moved an amendment to circulate the Bill for eliciting public opinion and Shri B. Satyan moved another amendment to recommit the Bill to the same Subject Committee and spoke. After the reply by the Minister the amendments moved were withdrawn by the leave of the House. Then the Bill was taken into consideration and passed by the House with the following amendment:

<u>രണ്ടാം വകുപ്പ്</u>

In Section 76 (3) of the principal Act proposed to be substituted by Clause 2, for the words "per cent " substitute the word "per cent ."

*Statement under Rule 300* :

DR. T. M. Thomas Isaac, Minister for Finance and Coir, made a statement on the invalidation of currency notes of ₹ 500 and ₹ 1,000 by Central Government with effect from the midnight of 8-12-2016.

*Questions of Breach of Privilege* :

I. The Speaker withheld consent to the following notices of questions of breach of privilege.

(1) മുഖ്യമന്ത്രിയുടെ നിയമോപദേഷ്ടാവ് തട്ടിപ്പ്/ക്രിമിനൽ കേസുകളിൽ ഹാജരാകുന്നതു സംബന്ധിച്ച് മുഖ്യമന്ത്രി സഭയിൽ നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതായിരുന്നു എന്നാരോപിച്ച് സർവ്വശ്രീ. പി. ടി. തോമസ്, ഒ. രാജഗോപാൽ എന്നിവർ നൽകിയ നോട്ടീസുകൾ.

(2) കുട്ടിമാക്കൂലിലെ അഖില, അഞ്ജന എന്നീ പെൺകുട്ടികളുടെ അറസ്റ്റുമായി ബന്ധപ്പെട്ട് നടത്തിയ വിശദീകരണത്തിൽ സത്യവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് സഭയെ ബോധപൂർവ്വം മുഖ്യമന്ത്രി തെറ്റിദ്ധരിപ്പിക്കുകയായിരുന്നു എന്നാരോപിച്ച് ശ്രീ. കെ. സി. ജോസഫ് നൽകിയ നോട്ടീസ്.

II. The following notice of question of breach of privilege was sent to the Committee on Privileges and Ethics.

താനൂർ തീരപ്രദേശത്തെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ.യെ അറിയിക്കാതെ സമാധാന യോഗം വിളിച്ചു ചേർത്തത് സംബന്ധിച്ച് അന്വേഷിച്ചപ്പോൾ മലപ്പുറം ജില്ലാ കളക്ടർ അപമര്യാദയായി പെരുമാറിയതു സംബന്ധിച്ച് ശ്രീ. വി. അബ്ദുറഹിമാൻ നൽകിയ നോട്ടീസ്.

The Speaker made a brief review of the second session of the Fourteenth Kerala Legislative Assembly.

National Anthem was sung.

The House adjourned sine die at 2.32 p.m.

V. K. BABU PRAKASH,
*Secretary*.